"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് വാടക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.597/2024/DMD തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. സഉ(പി)നം. 2/2024/ഡിഎംഡി തീയതി 9/08/2024.

2. വയനാട് ജില്ലാകളക്ടറുടെ 11.8.2024- ലെ DCWYD/4708/2024-DM3 നം. കത്ത്.

**ഉത്തരവ്**

വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന പ്രകാരം വാടക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

1. ക്യാമ്പുകളിൽ കഴിയുന്നവർക്ക് വാടകവീടുകളിലേക്ക് മാറുന്നതിനായി ഒരു കുടുംബത്തിന് പ്രതിമാസം 6000/- രൂപവരെ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
2. ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും വാടക ഇനത്തിൽ പ്രതിമാസം 6000/- രൂപ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
3. സൗജന്യ താമസമൊരുക്കുകയാണ് സർക്കാർ ലക്ഷ്യമെന്നതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി വിട്ടു നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക വീണ്ടും അനുവദിക്കേണ്ടതില്ല.
4. മുഴുവനായി സ്പോൺസർഷിപ്പ് മുഖേന താമസ സൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്ക് പ്രതിമാസ വാടക അനുവദിക്കേണ്ടതില്ല. എന്നാൽ ഭാഗികമായി സ്പോൺസർഷിപ്പ് നല്കുന്ന കേസുകളിൽ ശേഷിക്കുന്ന തുക പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കുന്നതിന് അനുമതി നല്കുന്നു

   വാടക ഇനത്തിൽ അനുവദിക്കേണ്ട തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.

കമ്മീഷണർ,ദുരന്ത നിവാരണം.

ജില്ലാകളക്ടർ,വയനാട്.

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 13-08-2024 14:43:17